(എ) കുട്ടനാട്ടിൽ തെക്കേക്കര അറയ്ക്കൽ സ്കൂളിനു സമീപവും ലാൻറ് ട്രൈബ്യൂണൽ ഓഫീസിനു സമീപവും ആർ. എസ്. എസ്. ൻെറ കീഴിൽ ആയുധ പരിശീലനം നടക്കുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഈ സ്ഥലങ്ങളിൽ ഇപ്പോഴും, ആയുധപരിശീലനം നടക്കുന്നതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

അടിയന്തിരാവസ്ഥക്കാലത്ത് അറസ്റ്റു ചെയ്യപ്പെട്ട ചുമട്ടു തൊഴിലാളികൾ

646 [937] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അടിയന്തിരാവസ്ഥക്കാലത്ത് തിരുവനന്തപുരം ചാലക്കമ്പോളത്തിൽനിന്നും തലച്ചുമടു ജോലിയിലേർപ്പെട്ടിരുന്ന തൊഴിലാളികളിൽ ഡി. ഐ. ആർ. ഉപയോഗിച്ച് പോലീസുകാർ അറസ്റ്റു ചെയ്തവരുടെ മേൽ ആരോപിച്ചിരുന്ന കുറ്റങ്ങൾ എന്തെല്ലാം;

(ബി) അതിൽ എത്രപേരെ കോടതിയിൽനിന്നും ജയിൽ ശിക്ഷയ്ക്കു വിധിച്ചു;

(സി) ജയിൽ ശിക്ഷ കഴിഞ്ഞു പുറത്തു വന്ന ദിവസം വീണ്ടും അതിൽ എത്ര പേരെ ഡി. ഐ. ആർ. ഉപയോഗിച്ചോ മറ്റേതെങ്കിലും വകുപ്പുകൾ അനുസരിച്ചോ പോലീസ് അറസ്റ്റു ചെയ്യുകയുണ്ടായി;

(ഡി) അവരെ അറസ്റ്റു ചെയ്യാനുണ്ടായ കാരണമെന്ത്;

(ഇ) അതിനു വേണ്ടി ഉപയോഗിച്ച വകുപ്പുകൾ ഏതെല്ലാം;

(എഫ്) അവരെ എത്രപേരെ വീണ്ടും ജയിൽ ശിക്ഷയ്ക്കു വിധിച്ചു;

(ജി) ജയിൽ ശിക്ഷ കഴിഞ്ഞു മടങ്ങിവന്ന പ്രസ്തുത തൊഴിലാളികൾക്കു ചാലക്കമ്പോളത്തിൽ ജോലി തിരിച്ചു നൽകിയോ;

(എച്ച്) ജോലി നൽകിയെങ്കിൽ എന്നു മുതൽ?

ഉത്തരം

(എ) അടിയന്തിരാവസ്ഥക്കാലത്ത് ഗവൺമെൻറിനെ വിമർശിക്കുക, രാജ്യത്ത് അന്തഃഛിദ്രം, കലാപം മുതലായ ശിഥിലീകരണ പ്രവർത്തനങ്ങൾക്കു പ്രേരണ ചെലുത്തുക, മുതലായ ഡി. ഐ. ആർ. ലെ റൂൾ 43, 36 (6) (ഇ) (ജി) (എ) (സി) റൂൾ 43 (5) അനുസരിച്ച് കുറ്റകരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്രൈം 218/75, 335/75, 397/75 എന്നീ മൂന്നു കേസ്സുകളിലായി ഫോർട്ട് പോലീസ് 58 പേരെ അറസ്റ്റു ചെയ്തിരുന്നു. അതിൽ ക്രൈം 218/75-ൽ നിന്നും 10 പേരെയും ക്രൈം 335/75 ൽ നിന്നും 19 പേരെയും ജയിൽ ശിക്ഷയ്ക്കു വിധിച്ചു.

(സി) 9 പേരെ വീണ്ടും ഡി. ഐ. ആർ. അനുസരിച്ച് അറസ്റ്റു ചെയ്തു (ഫോർട്ടു പോലീസ് സ്റ്റേഷൻ ക്രൈം 397/75).

(ഡി) മേൽപ്പറഞ്ഞ 9 പേരും മറ്റു ചിലരും ചേർന്ന് സമാധാന ലംഘനമുണ്ടാക്കുകയും ഗവൺമെൻറിനെ അധിക്ഷേപിക്കുകയും അന്തഃഛിദ്രത്തിനും കലാപത്തിനും പ്രേരണ നൽകുകയും ചെയ്തതാണ് കാരണം.

(ഇ) ഡി. ഐ. ആർ. ലെ 36(6) (ഇ) (ജി) (എച്ച്) (സി) റൂം 43 (5) 1975.

(എഫ്) മേൽപ്പറഞ്ഞ 9 പേരുൾപ്പെടെ ആകെ അറസ്റ്റു ചെയ്ത 38 പേരെയും കോടതി വെറുതെ വിട്ടു. വിചാരണ വേളയിൽ 38 പേരും ജാമ്യത്തിലായിരുന്നു.

(ജി) അറസ്റ്റു ചെയ്യപ്പെട്ട തൊഴിലാളികൾ തിരികെ ജോലിക്കു വന്നപ്പോൾ ചാലയിലെ ചുമട്ടുതൊഴിലാളികളിൽ ഐ. എൻ. റ്റി. യു.സി. ക്കാരുടെ എണ്ണം കൂടുതലാവുകയും ജയിൽ വിമോചിതരായ കുറേപ്പേർ കേസ് നിലവിലിരുന്ന കാലം ജോലിക്ക്. പോകാതിരിക്കുകയും ചെയ്തു. തുടർന്ന് ഐ. എൻ. റ്റി. യു സി. നേതൃത്വത്തിലുള്ളവർ തുടർച്ചയായി ജോലി ചെയ്തിരുന്നതുകൊണ്ടു ജയിലിൽനിന്നും മടങ്ങി വന്നവർക്കു ചില സ്ഥലങ്ങളിൽ ജോലി കിട്ടാതെയായി.

(എച്ച്) ഒരു ഒത്തുതീർപ്പു വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ 14.2.1979 മുതൽ വീണ്ടും ജോലി ചെയ്യാൻ തുടങ്ങി.

വെള്ളത്തൂവൽ വില്ലേജ്മാൻ ഗോപിയെ കൊലപ്പെടുത്തിയത് സംബന്ധിച്ച കേസ്

647 [938] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളത്തൂവൽ വില്ലേജ്മാൻ ഗോപിയെ കൊലപ്പെടുത്തിയതു സംബന്ധിച്ച കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്ത്;

(ബി) പ്രതികൾ ആരൊക്കെയാണ്;

(സി) ഇവരിൽ എല്ലാപേരെയും അറസ്റ്റുചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) കേസ്സന്വേഷണച്ചുമതല ആർക്കാണ്?

ഉത്തരം

(എ) ഈ കേസ് ഇപ്പോൾ അന്വേഷണത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly